## പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.1190 — 11.02.2016-ൽ മറുപടിയ്ക്ക്

## റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ബെന്നി ബെഹനാൻ,<br>ശ്രീ.ഹൈബി ഈഡൻ,<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ,<br>ശ്രീ.വി.ഡി.സതീശൻ. | ശ്രീ.അടൂർ പ്രകാശ്<br>റവന്യൂവും-കയറും വകുപ്പ് മന്ത്രി |
| (എ) റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) ഉണ്ട്.<br>ലാന്റ് റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതാണ്.<br>• **സർട്ടിഫിക്കറ്റ്സേവനങ്ങൾ-** ഇ-ഡിസ്ട്രിക്റ്റ്<br>• **ഭൂസംബന്ധമായ സേവനങ്ങൾ-** ഓൺലൈൻപോക്കുവരവ് (റെലിസ്), കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക്, ഓൺലൈൻ ടാക്സ് പെയ്മെൻറ്.<br>• **ഫയലുകളിലെ സുതാര്യതഉറപ്പാക്കൽ-** ഡി.സി.സ്യൂട്ട്, ആർ.ആർ. ഓൺലൈൻ, ഇ-ഓഫീസ് |
| (ബി) എന്തെല്ലാംലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ; | (ബി) ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ റവന്യൂ വകുപ്പിൽ നിന്നുമുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിലും സുതാര്യമായും ഗുണമേൻമയോടും കൂടി ലഭ്യമാക്കുക എന്നതാണ് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിലൂടെ പ്രധാനമായും ലക്ഷ്യ മിടുന്നത്. അപേക്ഷകന് എപ്പോഴും, എവിടെനിന്നുവേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിക്കുകയും ചെയ്യുന്ന സംവിധാനമാണ് ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളതും നടപ്പിലാക്കിവരുന്നതും. |

| | |
|---|---|
| | ഓൺലൈൻ ആയി വില്ലേജ് ഓഫീസർക്ക്/ തഹസിൽദാർക്ക് എത്തുന്ന അപേക്ഷകൾ പരിശോധിച്ചശേഷം ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ അനുവദിച്ച് നൽകുന്നു. പദ്ധതിവഴി റവന്യൂ വകുപ്പിൽ നിന്നും നൽകുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകി വരുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ്/ ജമമാറ്റം നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം (ഓൺലൈൻ ടാക്സ് പെയ്മെൻറ്) കൂടി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. സർക്കാർ ഭൂമി സംബന്ധിച്ച രേഖകൾ നൂതന സാങ്കേതിക വിദ്യയുടെ സാധ്യത ഉപയോഗപ്പെടുത്തി കേന്ദ്രീകൃതമായി സൂക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക് രൂപീകരിച്ചിട്ടുള്ളത്. ജില്ലാ കളക്ടേറ്റുകളെ ഉദ്ദേശിച്ചുള്ള ഒരു ഫയൽ മാനേജ്മെന്റ് സിസ്റ്റമാണ് ഡി.സി.സ്യൂട്ട്. എം.ജി.പി പദ്ധതിയുടെ ഭാഗമായി ഡി.സി.സ്യൂട്ട് സംവിധാനം തിരുവനന്തപുരം ഒഴികെയുള്ള എല്ലാ ജില്ലാ കളക്ടേറ്റുകളിലും നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ റിക്കവറി സംബന്ധമായ പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന സംവിധാനമാണ് ആർ.ആർ.ഓൺലൈൻ. റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേഗത്തിൽ ഇത് സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നതിനും കൂടുതൽ കാര്യക്ഷമതയോടെ ആയത് നടപ്പിലാക്കുന്നതിനും ആർ.ആർ.ഓൺലൈൻമുഖേന സാധിക്കുന്നതാണ്. |
| **(സി)** പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | **(സി)** G.O.(P)No.24/2010/ITD തീയതി 04.08.2010 പ്രകാരം ഓൺലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികതയുണ്ട്. 17.10.2015 ലെ G.O.(Ms)No.575/2015/RD പ്രകാരം സംസ്ഥാനമൊട്ടാകെ സംയോജിത ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിന് |

സർക്കാർ തീരുമാനിച്ചിട്ടുണ്ട്. G.O.(Ms) No.22/2015/ITD തീയതി 16.07.2015 പ്രകാരം 20 കോടിരൂപ ചെലവിൽ ലാന്റ് റവന്യൂ വകുപ്പിൽ ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ മുഖേന നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ലാന്റ് റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനമായി എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതലത്തിൽ ജില്ലാ ഐ.റ്റി സെല്ലുകളും സംസ്ഥാനതലത്തിൽ സ്റ്റേറ്റ് ഐ.റ്റി സെല്ലും പ്രവർത്തിക്കുന്നുണ്ട്. ഇ-ഗവേണൻസ് പദ്ധതി- കളുടെ കാര്യക്ഷമമായ നടത്തിപ്പിനായി 02.06.2015 ലെ G.O.(Ms)No.220/2015/RD പ്രകാരം വെർച്ചൽ ഐ.റ്റി.കേഡറും വകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ